
*കഥ പറയുമ്പോൾ*
*കിളിയുടെ കണ്ണിൽ*
*നൂറുനൂറു വർണ്ണങ്ങൾ...*
*ഭാഷയുടെ ചിറകിലും.*



# കഥകളതിമോഹനം

പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളി-
ഞ്ഞെഞ്ചെവി രണ്ടും കുളുർക്കപ്പറക നീ.
നെഞ്ചം തെളിഞ്ഞു കുറുക്കിക്കൊഴുത്ത പാൽ
പഞ്ചതാരപ്പൊടി കൂട്ടിക്കുഴമ്പാക്കി
നല്ല കദളിപ്പഴങ്ങൾ തിരഞ്ഞു ഞാൻ
മെല്ലെത്തിരുമ്മിയുടച്ചു തേനും വീഴ്ത്തി
വെല്ലവും ശർക്കരയും പൊടിച്ചിട്ടതിൽ
വെള്ളിത്തളികയിൽ മേളിച്ചു വെവ്വേറെ
വെച്ചിരിക്കുന്നതെടുത്തു ഭുജിച്ചാലു-
മിച്ഛയാകുന്നതു ദാഹമുണ്ടെങ്കിലോ
നീലക്കരിമ്പിന്റെ ചാറുമിളന്നീരും
പാലും മധുവും കുടിച്ചാലുമാവോളം.

ഭീഷ്മസമാനനരിനിവഹത്തിന്നു
ഭീഷ്മർ ശരശയനത്തിന്മേൽ വീണാറെ
തോറ്റ സുയോധനനാദികളാകിയ
നൂറ്റുപേരെന്തൊന്നു ചെയ്തതു ചൊല്ലു നീ.
ചൊല്ലുവാനാവതില്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ.
വൻപനാം കർണ്ണനോടാശു സുയോധന-
നൻപോടു സേനാപതിയാക നീയെന്നാൻ.
കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയില്ലാരോടും.
ദ്രോണരാമാചാര്യൻതാനിരിക്കെയെന്തു
മാനിച്ചു മറ്റുള്ളോർ നിർത്തുന്നിതു പട?
മന്നവ! കേൾക്ക ഭരദ്വാജനന്ദന-
നിന്നുള്ള യോദ്ധാക്കളിൽ പ്രബലാധിപൻ
പിന്നെ ഞാൻ പക്ഷേ ഭരിക്കുന്നതുമുണ്ടു,
മന്നവ! സങ്കടമുണ്ടാകയില്ലേതും.
മാനിയായുള്ള സുയോധനൻ ദ്രോണരെ
സേനാപതിയായഭിഷേകവും ചെയ്താൻ.

ശ്രീമഹാഭാരതം കിളിപ്പാട്ട് - ദ്രോണപർവം
(എഴുത്തച്ഛൻ)



പഞ്ചവർണ്ണക്കിളിക്ക് കവി നൽകുന്ന വിശിഷ്ടഭോജ്യങ്ങൾ എന്തെല്ലാം? അവയുടെ സവിശേഷതയെന്ത്? **കണ്ടെത്തി അവതരിപ്പിക്കുക.**

"കർണ്ണസുഖം ഞാൻ പറകയില്ലാരോടും"-
കർണ്ണന്റെ ഈ നിലപാട് വർത്തമാനകാലസമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

- "പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളി-
  ഞ്ഞെഞ്ചെവി രണ്ടും കുളുർക്കപ്പറക നീ."
- "കർണ്ണനും മന്ദസ്മിതംചെയ്തു ചൊല്ലിനാൻ
  കർണ്ണസുഖം ഞാൻ പറകയില്ലാരോടും."

ചെവി രണ്ടും കുളുർക്കപ്പറക, കർണ്ണസുഖം എന്നീ പ്രയോഗങ്ങൾ ശ്രദ്ധിച്ചല്ലോ. കർണ്ണസുഖത്തെ വ്യത്യസ്തമായി ആവിഷ്കരിച്ചിട്ടുള്ള സന്ദർഭങ്ങളാണ് ഇത്. രണ്ടു സന്ദർഭങ്ങളിലും ആശയത്തെ വ്യത്യസ്തമാക്കുന്നതെന്തെല്ലാം? **സ്വാഭിപ്രായം സമർഥിക്കുക.**

- ആദരാലെങ്കിലും കോരിവിളമ്പിയാൽ
  സ്വാദില്ലയെന്നു വരുമിനി നിർണ്ണയം

  - കല്യാണസൗഗന്ധികം
  (കുഞ്ചൻ നമ്പ്യാർ)

- "ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ"

  - എഴുത്തച്ഛൻ

മുകളിൽ നൽകിയ കവിവചനങ്ങൾ ഭാഷയുടെ ഏതെല്ലാം സവിശേഷതകളാണ് വ്യക്തമാക്കുന്നത്? കാവ്യഭാഗങ്ങൾ വിശദമാക്കി **കുറിപ്പ് തയ്യാറാക്കുക.**

- "കർണ്ണനാമംഗനരാധിപനെന്നുടെ-
  യുണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ
  കുണ്ഡലമറ്റതാ വേറേ കിടക്കുന്നു,
  ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.
  വില്ലാളികളിൽ മുമ്പുള്ളവൻതന്നുടെ
  വില്ലതാ വേറേ കിടക്കുന്നിതീശ്വര!
  കണ്ടാൽ മനോഹരനാമവൻതന്നുടൽ
  കണ്ടാലുമൻപോടു നായും നരികളും
  ചെന്നു കടിച്ചു വലിക്കുന്നതിങ്ങനെ
  വന്നതിനെന്തൊരു കാരണം ദൈവമേ!"

  ശ്രീമഹാഭാരതം കിളിപ്പാട്ട് - സ്ത്രീപർവം



- "സംഭ്രമത്തോടൊരു ബാണം പ്രയോഗിച്ചാ-
  നുമ്പർകോൻതന്നുടെ നന്ദനനർജുനൻ.
  വാരണവീരൻ തലയറ്റു വില്ലറ്റു
  വീരൻ ഭഗദത്തൻതന്റെ തലയറ്റു
  നാലാമതാനതൻ വാലുമരിഞ്ഞിട്ടു
  കോലാഹലത്തോടു പോയിതു ബാണവും."

ശ്രീമഹാഭാരതം കിളിപ്പാട്ട് - ദ്രോണപർവം

മുകളിൽ നൽകിയ വരികൾക്കും പാഠഭാഗത്തിനും യോജിച്ച **താളം കണ്ടെത്തി അവതരിപ്പിക്കുക.** കവിതയുടെ ഭാവത്തിനനുസരിച്ച് താളത്തിൽ വ്യത്യാസം വരുത്തേണ്ടതുണ്ടോ? **ചർച്ചചെയ്യുക.**

മുകളിൽ നൽകിയ കാവ്യഭാഗങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് പ്രയോഗഭംഗി, ശബ്ദഭംഗി, വാങ്മയചിത്രങ്ങൾ തുടങ്ങിയവ കണ്ടെത്തി എഴുത്തച്ഛൻകൃതികളിലെ വർണ്ണനയുടെ സവിശേഷതകളെക്കുറിച്ച് **ഉപന്യാസം തയ്യാറാക്കുക.**

